പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6406 31.10.2011-ൽ മറുപടിക്ക്

തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിലെ ശമ്പള പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ: കെ.ടി.ജലീൽ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ എന്നാണ് ഏറ്റവും അവസാനം ശമ്പള പരിഷ്കരണം നടന്നത്; | (എ) 01.10.2008 മുതൽ സബോർഡിനേറ്റ് സർവ്വീസ് ജീവനക്കാരുടെയും 1.7.2009 മുതൽ മാനേജീരിയൽ കേഡറിലുള്ള ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പിൽ വന്നു. |
| (ബി) 2010 ഒക്ടോബർ മാസത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഇതിൻെറ ആനുകൂല്യം ലഭ്യമാകുമോ; | (ബി) ലഭ്യമാകും. |
| (സി) ശമ്പള പരിഷ്കരണത്തിന്ശേഷം ആദ്യമായി 2010 ഒക്ടോബർ മാസത്തിൽ വിരമിച്ചവർക്ക് ഭാഗികമായേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്നത് പരിശോധിക്കുമോ;<br>(ഡി) 2011 സെപ്റ്റംബറിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ചവർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) 2011-ൽ വിരമിച്ചവർക്ക് നൽകിയപ്രകാരമുള്ള അനുകൂല്യം അവരെക്കാൾ സീനിയോറിറ്റിയുള്ള ശമ്പള പരിഷ്കരണത്തിന്ശേഷം ആദ്യമായി 2010 ഒക്ടോബർ മാസത്തിൽ വിരമിച്ചവർക്കും നൽകുമോ; | (സി), (ഡി) & (ഇ)<br>മന്ത്രിതലത്തിൽ 28.6.2010-ലെ യൂണിയൻ മാനേജ്മെൻറ് യോഗത്തിലെത്തിച്ചേർന്ന ധാരണയനുസരിച്ചും, ദീർഘകാല കരാറിലെ വ്യവസ്ഥകൾ പ്രകാരവും ശമ്പളപരിഷ്കരണത്തിൻെറ ആനുകൂല്യങ്ങൾ തവണകളായി, കമ്പനിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് നിലവിലുള്ള ജീവനക്കാർക്കും, പിരിഞ്ഞുപോയ ജീവനക്കാർക്കും നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 2011 മാർച്ചിൽ സബോർഡിനേറ്റ് സർവ്വീസ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനുശേഷം, അതാത് മാസം പിരിഞ്ഞുപോകുന്നവർക്കുള്ള പരിഷ്കരിച്ച ശമ്പളത്തിൻെറ കുടിശ്ശിക മറ്റ് റിട്ടയർമെൻറ് ആനുകൂല്യത്തോടൊപ്പം തീർത്തുനൽകിവരുന്നു. |

| | |
|---|---|
| | എന്നാൽ ശമ്പള പരിഷ്കരണം നടപ്പിലായ മാർച്ച് 2011 / മേയ് 2011-ന് മുമ്പ് പിരിഞ്ഞുപോയ അതാത് കേഡറിലെ ശമ്പള പരിഷ്കരണത്തിന് അർഹരായ ജീവനക്കാർക്ക്, പ്രസ്തുത കുടിശ്ശിക തവണകളായി നൽകിവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇത് തീർത്ത് നൽകുന്നതാണ്. |
| (എഫ്) എങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എഫ്) കമ്പനിയുടെ സാമ്പത്തിക സ്ഥിതി ഭേദപ്പെടുന്നതനുസരിച്ച് കുടിശ്ശിക തീർത്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ